**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **10.03.2020 ൽ**

**നിയമസഭാ ചോദ്യം നമ്പർ : 1771** **മറുപടിക്ക്**

**കൊല്ലം ജില്ലയിലെ റൂറൽ പോലീസിന്റെ നിരീക്ഷണ ക്യാമറകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സുരക്ഷാ സംവിധാനങ്ങൾക്കായി കൊല്ലം റൂറൽ പോലീസ് ജില്ലയിലെ അതിർത്തികളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; | എ) സുരക്ഷാ സംവിധാനങ്ങളുടെ ഭാഗമായി കൊല്ലം റൂറൽ പോലീസ് ജില്ലാ അതിർത്തികളിലെ 5 സ്ഥലങ്ങളിൽ നിരീക്ഷണ ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. |
| ബി) എന്തെല്ലാം സംവിധാനങ്ങൾ അടങ്ങിയ ക്യാമറകളാണ് സ്ഥാപിച്ചിട്ടുള്ളത്; വിശദമാക്കാമോ? | ബി) ഗ്ലോബൽ ഷട്ടർ ടെക്നോളജി ANPR (Automatic number-plate recognition) സംവിധാനത്തോടു കൂടിയുള്ള ക്യാമറകളാണ് സ്ഥാപിച്ചിട്ടുള്ളത്. ഇതിലൂടെ പകലും രാത്രിയിലും കൊല്ലം റൂറൽ പോലീസ് ജില്ലാ അതിർത്തി വഴി കടന്നു പോകുന്ന എല്ലാ വാഹനങ്ങളുടെയും ദൃശ്യങ്ങൾ ഈ ക്യാമറകളിൽ പകർത്തുന്നതും, വാഹനങ്ങളുടെ തരംതിരിച്ചുള്ള വിവരങ്ങൾ ടി ക്യാമറകളിൽ ശേഖരിക്കാൻ സാധിക്കുന്നതുമാണ്. ഇതുമൂലം ഹിറ്റ് & റൺ, മോഷണം, പിടിച്ചുപറി തുടങ്ങിയ കുറ്റകൃത്യങ്ങൾ ഉൾപ്പെട്ടിട്ടുള്ള വാഹനങ്ങൾ അതിവേഗം കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുന്നതിനും 240 കിലോമീറ്റർ വേഗതയിൽ പോകുന്ന വാഹനങ്ങളെ വരെ തിരിച്ചറിയാൻ സാധിക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ